(ബി)

ക്ലാർക്ക് തസ്തിക ഓപ്പൺ	21-4-1977
ടൈപ്പിസ്റ്റ് തസ്തിക ഓപ്പൺ	20-4-1984
പ്യൂൺ തസ്തിക ഓപ്പൺ	19-7-1979
പാർട്ട്ടൈം സ്വീപ്പർ ഓപ്പൺ	19-7-1971
എച്ച്എസ്എ. മലയാളം ഓപ്പൺ	8-10-1990
എച്ച്എസ്എ. ഇംഗ്ലീഷ് ഓപ്പൺ	2-5-1994
എച്ച്എസ്എ. ഹിന്ദി ഓപ്പൺ	3-5-1984
ജൂനിയർ ഹിന്ദി ഓപ്പൺ	4-12-1992
നാച്ചുറൽ സയൻസ് ഓപ്പൺ	25-6-1991
സോഷ്യൽ സ്റ്റഡീസ് ഓപ്പൺ	18-9-1989
ഫിസിക്കൽ സയൻസ് ഓപ്പൺ	20-9-1989
ഐ.ടി.ഐ.ഇലക്ട്രിക്കൽ & മോട്ടോർ മെക്കാനിസം ഓപ്പൺ	1-2-1995
ഡിപ്ലോമ-സിവിൽ/ഇലക്ട്രിക്കൽ ഓപ്പൺ	20-11-1987
ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ഓപ്പൺ	26-12-1988

ചുമട്ട് തൊഴിലാളിരംഗത്തെ മാറ്റങ്ങൾ

47 (1239) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചുമട്ട് തൊഴിലാളി രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ;

(ബി) ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പാസാക്കിയ നിയമങ്ങളുടെയും ഓർഡറുകളുടെയും നാളിതുവരെയുള്ള ഭേദഗതികളടങ്ങിയ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഇതുമൂലം ചുമട്ട് തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന ഏതെല്ലാം ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ നിയമങ്ങളനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ചുമട്ട് തൊഴിലാളി കൂലി പുനർ നിർണ്ണയിച്ചിട്ടുണ്ട് ;

(എഫ്) പുനർനിർണ്ണയം നടത്തിക്കൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ജി) തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ കൂലി പുനർ നിർണ്ണയം ചെയ്തതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയറ്റിറക്ക് തൊഴിലാളികളുടെ കൂലി ക്രമീകരിക്കുന്നതിനും ആ രംഗത്ത് നിലനിൽക്കുന്നതായി പറയുന്ന ചില അനഭിലഷണീയ പ്രവണതകൾ നിയന്ത്രിക്കുന്നതിനും ഉതകുമാറ് ഒരു നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്.

(ബി) 2002-ലെ "കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺ ലോഫുൾ പ്രാക്ടീസസ്ഡ്) ആക്ട് പ്രകാരം ഗാർഹിക ആവശ്യത്തിനുള്ള കയറ്റിറക്ക് ജോലികൾ സ്വന്തമായോ സ്വയം തെരഞ്ഞെടുക്കുന്ന തൊഴിലാളികളെ ഉപയോഗിച്ചോ ചെയ്യുന്നതിന് തൊഴിലുടമയ്ക്ക് അധികാരം നൽകിയിട്ടുണ്ട്. പുറമേ, സർക്കാർ പ്രഖ്യാപിക്കുന്നപ്രകാരം വ്യാവസായിക പാർക്ക്, കയറ്റുമതി സംസ്ക്കരണ മേഖല, കാർഷിക വിപണി, വിനോദ സഞ്ചാരപദ്ധതി പ്രദേശം തുടങ്ങിയ ചില പ്രത്യേക മേഖലകളിൽക്കൂടി ഗാർഹിക ആവശ്യങ്ങളെ പോലെതന്നെ കയറ്റിറക്ക് നടത്തുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് കാർഷിക മാർക്കറ്റുകളെ ഈ നിയമപ്രകാരമുള്ള കാർഷിക മാർക്കറ്റുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതോടുകൂടി ഗാർഹിക മേഖലയിൽ പരാതികൾ ഒഴിവാക്കി ഗാർഹികേതര മേഖലയിൽ കൂടുതൽ സമാധാനം നിലനിർത്താനും പുതിയ വ്യവസായ സംരംഭകർക്കുണ്ടായിരുന്ന ആശങ്കകൾ ദൂരീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ചുമട്ട് തൊഴിലാളികൾക്ക് നിയമപ്രകാരം ലഭിക്കുമായിരുന്ന ഒരു ആനുകൂല്യവും ഈ നിയമം മൂലം നഷ്ടപ്പെട്ടില്ല.

(ഇ-ജി) ഈ നിയമപ്രകാരം ഒരു ജില്ലയിലും കൂലി പുനർനിർണ്ണയം ചെയ്തിട്ടില്ല. ഓരോ ജില്ലയിലും അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതിനു ശേഷമാണ് കൂലി പുനർ നിർണ്ണയം നടത്തേണ്ടത്. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കസ്, മാജിക് തുടങ്ങിയവയിലൂടെ ഉപജീവനം നടത്തുന്നവർ

48 (1240) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കസ്, മാജിക്, ഇന്ദ്രജാലം, ജോത്സ്യം, കൈരേഖാ ശാസ്ത്രം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട് എത്ര പേർ ഉപജീവനം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly